# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ഫെബ്രുവരി 07, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15(*181) ചെലവ് നിയന്ത്രിക്കാനായി നടത്തുന്ന ഇടപെടലുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി മിതത്വം പാലിച്ചും ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ/വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ

കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലും ചെലവിലും മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 15.28, 13.73 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. നികുതി നഷ്ടം ഒഴിവാക്കുന്നതിന്റെ ഭാഗമായി ചരക്കു വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടെന്നും അതിൽ വിതരണസ്ഥലം കേരളം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും മോട്ടോർ വാഹന വകുപ്പുമായി സംയോജിച്ച് സംവിധാനം ഏർപ്പെടുത്തുമെന്നും എക്സൈസ് ചെക്ക് പോസ്റ്റുകളിൽ വാണിജ്യ നികുതി വകുപ്പുദ്യോഗസ്ഥരുടെ പരിശോധനയുണ്ടായിരിക്കുമെന്നും എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി. ടെസ്റ്റ് പർച്ചേസ് നടത്തുന്നതിന് രണ്ട് കോടി രൂപ സീക്രട്ട് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന വില്പന നടത്തുന്നവർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമാണെന്നും ഇതിന്റെ പരിധി 40 ലക്ഷമാക്കി ഉയർത്തിയത് സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതത്തെ പ്രതികൂലമായി ബാധിക്കുകയില്ലെന്നും രജിസ്റ്റർ ചെയ്യാത്തവർക്ക് സംഘടിത മേഖലയിൽ വില്പന നടത്താൻ കഴിയുകയില്ലെന്നും ഇൻപുട്ട് ക്രെഡിറ്റ് ലഭിക്കുകയില്ലെന്നും മന്ത്രി വ്യക്തമാക്കി. ബഡ്ജറ്റിന് പുറമെയുള്ള ധനസമാഹരണ മാർഗ്ഗങ്ങളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ 5

വർഷംകൊണ്ട് കിഫ്ബി വഴി 54,000/- കോടി രൂപയുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും 41,325.91 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബി നിർവ്വഹണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി പ്രതിമാസ അവലോകന യോഗങ്ങൾ വിലയിരുത്തുന്നുണ്ടെന്നും നൂതന സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും പദ്ധതി നിർവ്വഹണം തടസ്സരഹിതമായി നടത്തുന്നതിനുമുള്ള പരിശീലനങ്ങളും നിർദ്ദേശങ്ങളും നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നുണ്ടെന്നും പ്രത്യേക താൽക്കാലിക സ്ഥലമെടുപ്പ് യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ-മാരുമായി കൂടിയാലോചനകൾ നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കിഫ്ബിയുടെ പുതിയ പ്രോജക്ടുകളും അവയുടെ പുരോഗതിയും സംബന്ധിച്ചുള്ള ന്യൂസ് ലെറ്ററിന്റെ മലയാളം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രളയാനന്തര സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ് ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്ന 20% തുക റോഡുകളുടെയും കുടിവെള്ള

പദ്ധതികളുടെയും പുന:സൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും പ്രവൃത്തികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും നിക്ഷേപം വർദ്ധിപ്പിച്ച് സാമ്പത്തിക വളർച്ചയുടെ വേഗതകൂട്ടി ഡെബ്റ്റ് - ജി.ഡി.പി. റേഷ്യോ കുറച്ച് കടം സുസ്ഥിരമാക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നും കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനം, ചരക്ക് സേവന നികുതി എന്നിവ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിക്ക് ആഘാതമേൽപ്പിച്ചിട്ടും സർക്കാർ ജീവനക്കാരുടെ ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ നൽകാനും വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നിർവ്വഹിക്കാനും സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16(*182) <u>സഹകരണ മേഖലയെ സംരക്ഷിച്ച് ജനകീയമാക്കുന്നതിന് നടപടി</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയെ സംരക്ഷിച്ച് ജനകീയമാക്കുന്നതിനായി സമഗ്ര സഹകരണ നയം രൂപീകരിച്ചിട്ടുണ്ടെന്നും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ടുള്ള കേരള ബാങ്ക് അടുത്ത സാമ്പത്തിക വർഷം പ്രവർത്തനസജ്ജമാകുന്നതാണെന്നും സഭയെ

അറിയിച്ചു. റിസ്ക് ഫണ്ട് പദ്ധതിയിലൂടെ 18086 പേർക്ക് 142.61 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കി 14300 ഗുണഭോക്താക്കൾക്ക് 38 കോടി രൂപ വിതരണം ചെയ്ത "മുറ്റത്തെ മുല്ല" മൈക്രോഫിനാൻസ് പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതാണെന്നും കർഷകന് മികച്ച വില, ഉപഭോക്താക്കൾക്ക് നല്ല അരി എന്ന ലക്ഷ്യം മുൻനിർത്തി  സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ആധുനിക നെല്ല് സംഭരണ സംസ്കരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം  അത് കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം ജില്ലയിലെ മൺവിളയിലുള്ള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്വയംഭരണാധികാര സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖാന്തിരം 7043 കോടി രൂപയുടെ ക്ഷേമപെൻഷനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെ കെ.എസ്.ആർ.ടി.സി. പെൻഷനും വിതരണം ചെയ്തുവരുന്നുണ്ട്. ഓഖി/പ്രളയ ബാധിതർക്കായി ദുരിതാശ്വാസനിധിയിലേയ്ക്ക്

സഹകരണ ജീവനക്കാരുടെ ശമ്പളവും പൊതുനന്മാ ഫണ്ടിൽനിന്നും നിശ്ചിത തുകയും സംഭാവന ചെയ്തിട്ടുണ്ടെന്നും ദുരന്തബാധിതരെ സഹായിക്കുന്നതിനായി CARe Home പദ്ധതി പ്രകാരം പൂർണ്ണമായും വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ചെലവുചെയ്ത് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാം ഘട്ട പദ്ധതി നടപ്പാക്കുന്നതാണെന്നും CARe Loan പദ്ധതിക്ക് കീഴിൽ പ്രഖ്യാപിച്ച RKLS പലിശരഹിത വായ്പ പ്രകാരം 34936 ഗുണഭോക്താക്കൾക്ക് 388.10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൺസ്യൂമർഫെഡ് വിപണി ഇടപെടലുകളിലൂടെ വിലനിലവാരം നിയന്ത്രിച്ച് തുടർച്ചയായി പ്രവർത്തനലാഭം നേടുന്നുണ്ട്. 'ഹരിതം സഹകരണം' പദ്ധതി നടപ്പാക്കി ജൈവകൃഷി, മഴക്കുഴി നിർമ്മാണം, വൃക്ഷത്തൈ നടീൽ, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ ഇടപെടുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷനിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഓഹരി മൂലധനത്തിന്റെയും പ്രൊഫഷണൽ മികവുള്ളതും തുടർച്ചയായതുമായ നേതൃത്വത്തിന്റെയും സ്ഥിരം പെയ്ഡ് സെക്രട്ടറിയുടെയും അഭാവംമൂലമുള്ള പ്രശ്നങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

നേരിടുന്നുണ്ടെന്നും മൂന്നൂറ് സംഘങ്ങളെ തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണെന്നും മന്ത്രി വ്യക്തമാക്കി. വനിതാ ഫെഡിന് ഓഹരി, ഗ്രാന്റ്, സബ്സിഡി, കെട്ടിടം വാങ്ങുന്നതിനുള്ള ഫണ്ട് എന്നിവ വഴി ലഭ്യമാക്കിയ തുക വിനിയോഗിച്ച് തിരുവനന്തപുരത്ത് ഒരു ഷോർട്ട് സ്റ്റേ ഹോം ആരംഭിച്ചിട്ടുണ്ട്. ഹൗസിംഗ് ഫെഡറേഷൻ പിഴപ്പലിശ, പലിശ എന്നിവയിൽ ഇളവ് നൽകി കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള കുടിശ്ശിക നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും സർക്കാർ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഓഹരി മൂലധന വിഹിതവും കേസുകൾ പരിഹരിക്കുന്നതിനായി 2015-2016 വർഷം പലിശരഹിത വായ്പയായി 857 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 14 അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുകയും 14 അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും CAPE കോളേജുകളിൽ സഹകരണ ജീവനക്കാരുടെ മക്കൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 'കൃതി'

പുസ്തക-സാഹിത്യോത്സവം സംഘടിപ്പിച്ചിട്ടുണ്ടെന്നും പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ പിന്തുണയോടെ അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17(*183) <u>വ്യവസായ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, 31.12.2018 വരെ സംസ്ഥാനത്ത് 36000 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിലൂടെ 127000-ൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇടത്തരം സ്ഥാപനങ്ങളിലൂടെ 1395-ഉം കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഭൂമി അനുവദിച്ചതുവഴി 2700-ഉം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 421 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കിൻഫ്രയുടെ നേതൃത്വത്തിൽ കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിൽ ബൃഹത് വിവിധോദ്ദേശ സോണുകൾ ആരംഭിച്ച് അടിസ്ഥാന സൗകര്യമൊരുക്കി വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും നിക്ഷേപങ്ങളും സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി

വ്യക്തമാക്കി. പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകൾ/എസ്റ്റേറ്റ് എന്നിവയുടെ നവീകരണത്തിനായി വകയിരുത്തിയ 28 കോടി രൂപയിൽ 23.91 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 13.98 കോടി രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. എം.എസ്.ഇ.-സി.ഡി.പി. മുഖേന പൂവൻതുരുത്ത്, എടയാർ എന്നീ വികസന ഏരിയകളിൽ യഥാക്രമം 1000, 967.69 ലക്ഷം രൂപയുള്ള പദ്ധതിയനുമതി ലഭ്യമായിട്ടുണ്ടെന്നും വടക്കാഞ്ചേരി മുനിസിപ്പാലിറ്റി വക ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ബഹുനില വ്യവസായ/ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ അവയുടെ സഹകരണത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസായ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. പ്രളയത്തെത്തുടർന്ന് 492 എം.എസ്.എം.ഇ. യൂണിറ്റുകൾക്കും 14271 ഷോപ്പുകൾക്കും യഥാക്രമം 1355.19, 489.54 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്നും ദുരന്തബാധിതരായ ചെറുകിട-ഇടത്തരം വ്യവസായ-വാണിജ്യ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി

ഉജ്ജീവന സഹായ പദ്ധതി, ടേം ലോൺ, വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ തുടങ്ങിയവ നടപ്പിലാക്കിയതിലൂടെ പത്ത് ലക്ഷം രൂപ വരെ പലിശ രഹിത വായ്പ ലഭ്യമാകുമെന്നും ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങൾ ഏറ്റെടുത്ത് സംരംഭങ്ങൾ ആരംഭിക്കുമെന്നും വ്യവസായ സംരംഭങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി K-SWIFT സോഫ്റ്റ്‌വെയർ രൂപീകരിച്ചിട്ടുണ്ടെന്നും കെ.എം.എം.എൽ.-നെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പ്രൈവറ്റ്-പബ്ലിക് പാർട്ടിസിപ്പേഷനിലൂടെ ഉന്നത നിലവാരത്തിലുള്ള സ്ഥാപനമാക്കി വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും 410 ലാപാ തൊഴിലാളികളെ സ്ഥിരപ്പെടുത്തുമെന്നും സ്ഥാപനത്തോട് ചേർന്നുള്ള മലിനപ്രദേശം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2252 മുതൽ 2538 വരെയുള്ള ചോദ്യങ്ങളിൽ 145 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)